**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 174**

# ജാഗ്രത, അവബോധം, ജാഗരണം

## ALERT, AWAKE, AWARE

പ്രശാന്തി സന്ദേശം 174-ാം ഉപാഖ്യാനം.

വാസ്തവത്തിൽ നാം ജാഗ്രത, അവബോധം, ജാഗരണം ഉള്ളവരാവണം. നാം അലസരോ നിഷ്ക്രിയരോ നിർവികാരരോ ആവരുത്.




ഈ ഭൂമി മരിക്കാൻ പോവുകയാണ് എന്ന ജാഗ്രത നിങ്ങൾക്കുണ്ടെങ്കിൽ, നിങ്ങളുടെ ജീവിതം പരിവർത്തനം ചെയ്യപ്പെടും. നിങ്ങളുടെ അവബോധത്തിനുള്ള സങ്കേതമായി മൂന്നാം ലോകയുദ്ധത്തെ ഉപയോഗിക്കാം. മൂന്നാം ലോകയുദ്ധത്തെ നാം ഭയക്കാതിരിക്കുക. ആസന്നമായ ഭീഷണിക്കു മുമ്പിലും, ഈ ജാഗ്രത പരിവർത്തനം കൊണ്ടുവരും.

ജീസസ് വീണ്ടും വീണ്ടും പറയുമായിരുന്നു, “സൂക്ഷിക്കൂ! ജാഗ്രത! ന്യായവിധി ദിവസം വളരെ



അടുത്തെത്തിക്കഴിഞ്ഞു.” നിങ്ങളുടെ ജീവിതത്തിൽ, ഈ ജന്മത്തിൽത്തന്നെ, ഇത് സംഭവിക്കുന്നത് നിങ്ങൾ കാണും. അതെ. അത് ഇതേവരെ സംഭവിച്ചിട്ടില്ല. പക്ഷേ, ഇതൊരു സങ്കേതമായിരുന്നു. കാലം തീരെ ചുരുങ്ങിയതാണെന്നും ഒത്തിരി ചെയ്യാനുണ്ടെന്നും ആളുകളെ അവബോധം ഉള്ളവരാക്കാനായി ജീസസ് ഒരു സാഹചര്യം സൃഷ്ടിക്കുകയായിരുന്നു. അതുകൊണ്ട്, നമ്മൾ ധനം, അധികാരം, അന്തസ്സ് തുടങ്ങിയ വിഡ്ഢിത്തം നിറഞ്ഞ കളികൾ കളിച്ച് നേരം കളയരുത്.

ഇവിടെ ഞാൻ മഹായോഗിയായിരുന്ന ഏകനാഥിന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒരു സംഭവം നിങ്ങളുമായി പങ്കു വയ്ക്കാൻ ആഗ്രഹിക്കുകയാണ്. ഒരു മനുഷ്യൻ

വർഷങ്ങളായി ഏകനാഥിന്റെയടുത്ത് വരുമായിരുന്നു, അദ്ദേഹം വലിയ ഒരു തത്വജ്ഞാനതൽപരനായിരിക്കണം.

അദ്ദേഹം വീണ്ടും വീണ്ടും ഏകനാഥിനോട് ചോദിക്കുമായിരുന്നു, ‘‘എനിക്ക് വിശ്വസിക്കാനാവുന്നില്ല, ഒരു മനുഷ്യന് അങ്ങയെപ്പോലെ ഇത്ര നിഷ്കളങ്കനാവാൻ, ഇത്ര ദിവ്യനാവാൻ, ഇത്ര പരിശുദ്ധനാവാൻ പറ്റും എന്ന് ഞാൻ കരുതുന്നില്ല. ചില നേരത്ത് എന്നിൽ വലിയ സംശയങ്ങൾ ഉണരുന്നു. ഒരു പക്ഷേ പുറമേയ്ക്കു മാത്രമാണോ അങ്ങ് പരിശുദ്ധൻ? അങ്ങയുടെ മനസ്സിന്റെ ആഴത്തിൽ അങ്ങ് ഞങ്ങൾ ആഗ്രഹിക്കുന്ന പോലെ ത്തന്നെ ആഗ്രഹിക്കുന്നുണ്ടാവാം. അങ്ങയ്ക്കും അഭിലാഷങ്ങളുണ്ടാവാം. ഒരു പക്ഷേ, അങ്ങയുടെ അഭിലാഷം വളരെ സൂക്ഷ്മമാണ്, അതുകൊണ്ടാവാം ഞങ്ങൾക്ക് അത്



സന്ത് ഏകനാഥ്: 2003 സ്റ്റാമ്പ്

കാണാനാവാത്തത്. ഒരുവേള, അങ്ങയുടെ സ്വപ്നങ്ങളുടെ അടിത്തട്ടിൽ, അങ്ങ് ഇപ്പോഴും പാപം ചെയ്യുന്നുണ്ടാവാം. ഈ സംശയത്തിൽനിന്ന് മുക്തനാവാൻ എന്നെ സഹായിക്കുമോ, എന്തുകൊണ്ടെന്നാൽ ഇത് അങ്ങയ്ക്കും എനിക്കുമിടയിൽ ഒരു വേലിയായിത്തീർന്നിരിക്കുന്നു.’’

ഏകനാഥ് ചിരിക്കുകയല്ലാതെ ഒരിക്കലും മറുപടിയൊന്നും പറയാറില്ലായിരുന്നു. ഇല്ല. ഒരു ദിവസം അതിരാവിലെ, ആ മനുഷ്യൻ വന്നു, അദ്ദേഹം പറഞ്ഞു, ‘‘രാത്രി മുഴുവനും എനിക്ക് ഉറങ്ങാനായില്ല. ഇപ്പോളിത് സഹിക്കാനാവാതായി. ഇതൊരു പേടിസ്വപ്നമായിത്തീർന്നിരിക്കുന്നു, ഒരു പേടിസ്വപ്നം! അങ്ങയെ കാണുമ്പോൾ, ഞാൻ അത്രയ്ക്ക് സൗന്ദര്യം കാണുന്നു, അത്രയ്ക്ക് മഹിമ കാണുന്നു, ഇതൊക്കെ ഒരു മനുഷ്യശരീരത്തിൽ സാധ്യമാണ് എന്ന് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. അങ്ങയെ കാണുമ്പോൾ, ഈശ്വരൻ ഉണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഞാൻ വീട്ടിൽ ചെല്ലുന്ന നിമിഷം, സംശയങ്ങൾ മുളയ്ക്കാനും വേഗം പൊന്തിവരാനും തുടങ്ങുന്നു. ഇതെങ്ങനെ പറ്റും? തന്നെയുമല്ല, അദ്ദേഹവും ശരീരവും മനസ്സും കൊണ്ട് നിർമ്മിതമാണ്. ഒരു പക്ഷേ, ഇപ്പോഴും കുറച്ച് ലൈംഗികാഭിലാഷം അദ്ദേഹത്തിന്റെ ഉപബോധമനസ്സിൽ ഒളിഞ്ഞിരിപ്പുണ്ടാവും.’’

ആ ദിവസം ഏകനാഥ് ചിരിച്ചില്ല. നേരേ മറിച്ച്, അദ്ദേഹം ഈ മനുഷ്യനെ ഗൗരവത്തോടെ നോക്കിയിട്ട് പറഞ്ഞു, ‘‘സുഹൃത്തേ, ഇന്ന് വളരെ അടിയന്തരമായ, വളരെ അത്യാവശ്യമായ ഒരു കാര്യം എനിക്ക് താങ്കളോട് വെളിപ്പെടുത്താനുണ്ട്. ഞാൻ താങ്കളുടെ ചോദ്യം ചർച്ച ചെയ്യുന്നതിനു മുമ്പ്, ഞാൻ പറയാൻ ആഗ്രഹിക്കുന്നത്

താങ്കളോട് പറഞ്ഞേ മതിയാവൂ, കാരണം ഞാനത് മറന്നുപോയേക്കാം. ഞാൻ താങ്കളുമായി ഇത് ചർച്ച ചെയ്തുകൊണ്ടിരുന്നാൽ, ഞാനൊരു വേള ഓർത്തില്ലെന്നു വരാം.''

അപ്പോൾ ഈ മനുഷ്യൻ ആരാഞ്ഞു, ''എന്താണത് മാസ്റ്റർ? എന്താണ് ഇത്ര അടിയന്തരമായത്?''

അപ്പോൾ ഏകനാഥ് പറഞ്ഞു, ''കഴിഞ്ഞ ദിവസം അവിചാരിതമായി, ഞാൻ നിന്റെ കൈയിലേക്ക് നോക്കി, നിന്റെ ആയുർരേഖ തീർന്നിരിക്കുന്നു. വളരെ കുറച്ചു മാത്രമേ അവശേഷിക്കുന്നുള്ളൂ. കൂടിപ്പോയാൽ ഏഴ് ദിവസം. ഇന്ന് ഞായറാഴ്ചയാണ്. അടുത്ത ഞായറാഴ്ച വരെ നീ ജീവിക്കുമെന്ന് ഞാൻ കരുതുന്നില്ല. അടുത്ത ഞായറാഴ്ച വൈകുമ്പോഴേക്കും, നീ പൊയ്പോയിരിക്കും! ഇനി നിനക്ക് നിന്റെ ചോദ്യം ചോദിക്കാം.''

ആ മനുഷ്യൻ എണീറ്റു നിന്നു. അയാൾ പറഞ്ഞു, ''എന്ത്? ചോദ്യമോ! എന്തു ചോദ്യം? ഞാൻ പിന്നെ വരാം.''

ഏകനാഥ് പറഞ്ഞു, ''നിൽക്കൂ! എന്താണിത്ര തിരക്ക്? ആവശ്യത്തിന് സമയമുണ്ട്. ഏഴ് ദിവസമുണ്ട്!''

ആ മനുഷ്യൻ പറഞ്ഞു, ''ആവശ്യത്തിന് സമയമുണ്ടെന്നാണോ അങ്ങ് പറയുന്നത്? ഏഴ് ദിവസമോ? അങ്ങ് എങ്ങനെയാണെന്ന് ചിന്തിച്ച്, മണ്ടൻ സംശയങ്ങളുമായി, അത് പാഴാക്കാൻ എനിക്ക് പറ്റില്ല. അങ്ങയ്ക്ക് ലൈംഗികതയോ പാപമോ ഒക്കെ ഉണ്ടായാലും ഇല്ലെങ്കിലും ശരി, അത് അങ്ങയുടെ കാര്യമാണ്, ഞാൻ വീട്ടിലേക്ക് പോവുകയാണ്.''

ഏകനാഥ് അയാളെ പിടിച്ചു നിർത്താൻ ശ്രമിച്ചു, പക്ഷേ അയാൾ രക്ഷപ്പെട്ടു. അയാൾ പറഞ്ഞു, ''അങ്ങയുടെ തത്വചിന്ത കേൾക്കാനൊന്നും എനിക്കിനി നേരമില്ല.'' തൊട്ടുമുമ്പ് അയാൾ എത്തുമ്പോൾ, അയാൾ അത്ര ബലവാനും ചെറുപ്പവുമായിരുന്നു, ഇപ്പോൾ ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോഴേക്കും, ഏകനാഥിന്റെ മന്ദിരത്തിന്റെ പടിയിറങ്ങുമ്പോൾ, അയാൾ വിറയ്ക്കുന്നുണ്ടായിരുന്നു, ദുർബലനായിരുന്നു; അയാൾക്ക് ഭിത്തിയിൽ പിടിച്ചുകൊണ്ട് ഇറങ്ങേണ്ടി വന്നു.

അയാൾ വീട്ടിലെത്തി. അയാൾ തന്റെ കുടുംബാംഗങ്ങളെ വിളിച്ചു കൂട്ടിയിട്ട് പറഞ്ഞു, ''ഏഴു ദിവസങ്ങൾ മാത്രമേ ഇനി അവശേഷിക്കുന്നുള്ളൂ. ഞാൻ മരിക്കാൻ പോവുകയാണ്. എന്റെ എല്ലാ സുഹൃത്തുക്കളോടും, എന്റെ എല്ലാ ശത്രുക്കളോടും, വരാനായി

പറയണം. എനിക്ക് എല്ലാവരോടും ക്ഷമിക്കണം, എല്ലാവരാലും ഞാൻ ക്ഷമിക്കപ്പെടണം. ഇനി ഏഴു ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ. അപ്പോൾ ആളുകളോട് വഴക്കടിക്കുന്നതിലും മത്സരിക്കുന്നതിലും ഒക്കെ എന്തു കാര്യം? എല്ലാം തീർന്നു! ഗെയിം അവസാനിച്ചിരിക്കുന്നു.''

അയാൾ സ്വയം കിടക്കയിൽ കിടപ്പായി. കിടക്കയിൽനിന്ന് എണീൽക്കാനാവാത്ത വിധം അയാൾ ദുർബലനായിരുന്നു. ആഹാരമൊക്കെ കിടക്കയിൽ തന്നെ കൊടുക്കപ്പെട്ടു, അയാൾ നിരന്തരം ''രാം രാം രാം..'' ജപിക്കുകയായിരുന്നു, അയാളുടെ ജീവിതത്തിൽ ആദ്യമായി ഈശ്വരനെ സ്മരിക്കുകയായിരുന്നു അയാൾ. ഓരോ ദിവസവും അയാൾ തിരക്കും, ''ഇനി എത്ര ദിവസങ്ങൾ?''

അങ്ങനെ ഏഴാമത്തെ ദിവസം അടുത്തടുത്തുവന്നപ്പോൾ, അയാൾ കൂടുതൽ കൂടുതൽ ലോകത്തോട് വിരക്തിയുള്ളവനായി. അയാൾ ആളുകളെ നിർവികാരതയോടെ വീക്ഷിക്കാൻ തുടങ്ങി. ആളുകളുടെ പേരുകൾ, മുഖങ്ങൾ ഒക്കെ അയാൾ മറക്കാൻ തുടങ്ങി. അയാൾ ആളുകളെ തിരിച്ചറിയാതെയായി. സ്വന്തം ഭാര്യയെയും കുട്ടികളെയും, സ്വന്തം മാതാപിതാക്കളെപ്പോലും അയാൾ തിരിച്ചറിയാതെയായി.



ഏഴാമത്തെ ദിവസം വന്നു, അയാൾ കരയുകയായിരുന്നു. അയാൾ ദിവസം മുഴുവനും നാമം ജപിക്കുകയായിരുന്നു, വീണ്ടും വീണ്ടും തിരക്കുകയായിരുന്നു, ''സൂര്യാസ്തമയത്തിന് ഇനിയെത്ര നേരം?'' കാരണം, ഏകനാഥ് പറഞ്ഞിരുന്നു, ''സൂര്യൻ അസ്തമിക്കുന്ന ആ നിമിഷം, നീ പിന്നെയുണ്ടാവില്ല.'' കൃത്യം സൂര്യാസ്തമയത്തിന് ഞാൻ മരിക്കാൻ പോവുകയാണ്. സൂര്യൻ ഓരോ നിമിഷത്തിലും താണു താണു വരികയാണ്. പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് അടുത്തടുത്തു വരികയാണ്.

ഏതാനും നിമിഷങ്ങൾ മാത്രമേ ഇനി ബാക്കിയുള്ളൂ, അപ്പോൾ ഏകനാഥ് അവിടെയെത്തി. കുടുംബം മുഴുവനും കരച്ചിലാണ്, വിലപിക്കുകയാണ്. ഏകനാഥ് പറഞ്ഞു, ''നിൽക്കൂ, ഞാൻ ആളിനെയൊന്നു കാണട്ടെ.'' ഏകനാഥ് അകത്തു ചെന്ന് അയാളെ കുലുക്കി വിളിച്ചു. ഏകനാഥിനെ തിരിച്ചറിയുന്നതിനു പോലും വളരെ ബുദ്ധിമുട്ടായിരുന്നു അയാൾക്ക്, അദ്ദേഹത്തെ മാസ്റ്റർ എന്നാണ് അയാൾ വിളിച്ചിരുന്നതെങ്കിലും.

ചുരുങ്ങിയത് ഇരുപത് കൊല്ലമെങ്കിലും അദ്ദേഹത്തിന്റെ കാൽച്ചുവട്ടിലിരുന്ന് സത്സംഗം കേട്ടതാണ്, ഒരുമിച്ച് നടന്നതാണ് അയാൾ, എന്നിരുന്നാലും അദ്ദേഹത്തെ തിരിച്ചറിയാനായില്ല അയാൾക്ക്!

ഏകനാഥ് ചോദിച്ചു, ''നിനക്ക് എന്നെ തിരിച്ചറിയാനാവുന്നില്ലേ? ഞാൻ ഏകനാഥനാണ്, നിന്റെ ഗുരു.''

അപ്പോൾ ഒരു ചെറിയ വെളിവുണ്ടായി, അയാൾ പറഞ്ഞു, ''ഉവ്വ്, അവ്യക്തമായി. ഞാൻ തീരെ തെളിച്ചമില്ലാത്ത സ്ഥിതിയിലാണ്. സൂര്യൻ പടിഞ്ഞാറൻ ചക്രവാളത്തിൽനിന്ന് എത്ര ദൂരത്താണ്?''

ഏകനാഥ് പറഞ്ഞു, ''ആ അസംബന്ധമൊക്കെ മറന്നേക്ക്! ഞാൻ വന്നത് നിന്നോട് ഒരു ചോദ്യം ചോദിക്കാനാണ്. ഈ ഏഴ് ദിവസക്കാലത്ത്, നിന്റെ ഉള്ളിൽ എന്താണ് നടന്നുകൊണ്ടിരുന്നത്? സെക്സ്, ആർത്തി, കോപം, അഥവാ അസൂയ? എന്തായിരുന്നു നിന്റെ ഉള്ളിൽ സംഭവിച്ചുകൊണ്ടിരുന്നത്? ആ ചോദ്യം ചോദിക്കാനാണ് ഞാൻ വന്നത്.''

ആ മനുഷ്യൻ പറഞ്ഞു, ''ഞാൻ മരിക്കുകയാണ്, എന്നിട്ടും അങ്ങ് തത്വചിന്ത സംസാരിക്കുന്നു. മരണം എന്റെ തൊട്ടരികിലെത്തിയിരിക്കുകയാണ്, എനിക്ക് ഈശ്വരനെ മാത്രമേ ഓർക്കാനാവുന്നുള്ളൂ. ലൈംഗികത ഉണ്ടായിരുന്നെന്നോ, ആർത്തി ഉണ്ടായിരുന്നെന്നോ, ശത്രുത ഉണ്ടായിരുന്നെന്നോ, കോപം ഉണ്ടായിരുന്നെന്നോ ഞാൻ ഓർക്കുന്നില്ല.'' ഇല്ല. അവയെല്ലാം അപ്രത്യക്ഷമായി.




ഏകനാഥ് പറഞ്ഞു, ''നീ മരിക്കാൻ പോവുന്നില്ല. നീ മരിക്കാൻ പോവുകയല്ല. എണീൽക്കൂ! ഇത് നിന്റെ ചോദ്യത്തിനുള്ള ഉത്തരമാണ്. മരണമുണ്ടെന്ന് എനിക്ക് ബോധ്യം വന്ന നാൾ, ആ നാൾ മുതൽ, എന്റെ ആന്തര സ്വത്വം മാറിപ്പോയി. മരണം ഏഴ് നാൾക്കകം സംഭവിക്കുമോ എഴുപത് കൊല്ലത്തിനകം സംഭവിക്കുമോ എന്നതല്ല വിഷയം, ഈ ജീവിതം നിങ്ങളുടെ കൈകളിൽനിന്ന് വഴുതിപ്പോവാൻ ഒരുങ്ങുകയാണെന്ന് ഒരുവട്ടം നിങ്ങൾക്ക് അവബോധമുണ്ടാകും. അത് മുമ്പുതന്നെ വഴുതിപ്പോയിരിക്കും.

അപ്പോൾ, നിങ്ങൾ അടുത്ത ഷോയ്ക്ക് വേണ്ടി തയ്യാറെടുക്കേണ്ടി വരും. അപ്പോൾ, നിങ്ങൾക്ക് അതീതമായതിനുവേണ്ടി തയ്യാറെടുക്കേണ്ടി വരും.''

ഈ ഭൂമി ഏറെനാൾ നിലനിൽക്കാൻ പോവുന്നില്ല എന്ന അവബോധം നിങ്ങൾക്ക് ഉണ്ടാകാനായി ഞാൻ നിങ്ങളോട് ആവശ്യപ്പെടുകയാണ്. ഇത് നിങ്ങളിൽ ഒരു അവ ബോധമായി മാറുമെങ്കിൽ, അതൊരു പരിവർത്തന ശക്തിയായിത്തീരും. ദശലക്ഷക്ക ണക്കിന് ആളുകൾക്ക് ഇത്തരത്തിൽ പരിവർത്തനമുണ്ടായാൽ, ഈ ഭൂമി രക്ഷപ്പെട്ടേ ക്കും. പക്ഷേ അതൊരു പരിണതഫലം മാത്രമായിരിക്കും. എന്തുകൊണ്ട്?

''ന്യായവിധി ദിവസം അടുത്തെത്തിക്കഴിഞ്ഞു'' എന്ന് ജീസസ് പറഞ്ഞപ്പോൾ,



അതൊരു അമൂർത്തപ്രസ്താവനയായിരുന്നു. എന്നാൽ, മൂന്നാം ലോകയുദ്ധം ഓരോ ദിവസവും അടുത്തെത്തുന്നു, എന്തുകൊണ്ടെന്നാൽ റഷ്യ തയ്യാറെടുക്കുന്നു, അമേ രിക്ക തയ്യാറെടുക്കുന്നു. അവർ ആറ്റം ബോംബുകൾ, ഹൈഡ്രജൻ ബോംബുകൾ, മരണ ബോംബുകൾ, കൂമ്പാരം കൂട്ടുന്നു, അവർ മാനവരാശിയെ ഒറ്റയടിക്ക് കൊന്നൊടുക്കാനുള്ള പുതുവഴികൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നു.

ഒരു വശത്ത്, ന്യായവിധി ദിവസം അടുത്തെത്തിക്കഴിഞ്ഞു എന്ന ജീസസ്സിന്റെ പ്രസ്താവനയുണ്ട്. ഇത് ശരിക്കും നമ്മുടെ മനസ്സിലുണ്ട്. എന്തുകൊണ്ട് ഇതിനെ ഒരു

സങ്കേതമാക്കിക്കൂടാ? ന്യായവിധി ദിവസം അടുത്തെത്തി എന്ന് ജീസസ്സ് പ്രഖ്യാപിക്കുമ്പോൾ, എന്തുകൊണ്ട് നമുക്കതിനെ ഒരു ഉപായമാക്കിക്കൂടാ? അതിന് നിങ്ങളെ പിടിച്ചുകുലുക്കാനാവും, നിങ്ങളെ ഉണർത്താനാവും.



ആഷാഢ ഏകാദശി 2009 ജൂലൈ1-4 പ്രശാന്തിനിലയം

ദശലക്ഷക്കണക്കിന് ആളുകൾ ധ്യാനിക(meditators)ളായിത്തീർന്നാൽ, ലോകയുദ്ധം സംഭവിക്കാതിരിക്കാനുള്ള സാധ്യതയുണ്ട്. പക്ഷേ നമ്മുടെ താത്പര്യം ഇതല്ല. നമ്മുടെ സ്വന്തം രക്ഷയ്ക്കാണ് നമുക്ക് താത്പര്യം, ശരിക്കും നമുക്കതിന് യോഗ്യത വേണം.

ഇനി, അവസാനമായി ഒരു കുറിപ്പ്, ഞാൻ നിങ്ങളോട് പങ്കിടട്ടെ, ഭാവി എന്നൊന്നില്ല, ഭൂതവുമില്ല, എല്ലാം വർത്തമാന(present)മാണ്. ഭാവിയെപ്പറ്റി ചിന്തിക്കേണ്ടതില്ല, എന്തുകൊണ്ടെന്നാൽ നിങ്ങൾ ഭാവിയെപ്പറ്റി ചിന്തിച്ചാൽ, നിങ്ങൾക്ക് വർത്തമാനം നഷ്ടമാവും. ഭൂതത്തിലേക്കും ഭാവിയിലേക്കും നീളുന്നത് ഈ വർത്തമാനമാണ്

എന്നറിഞ്ഞ് നാം ഇന്നിൽ വേരൂന്നണം. ഇന്നിൽ ജീവിക്കുന്നതെങ്ങനെയെന്ന് നിങ്ങൾ അറിഞ്ഞാൽ, എല്ലാം ഇന്നാവും.

അതുകൊണ്ട്, ഭൂതത്തെപ്പറ്റിയോ ഭാവിയെപ്പറ്റിയോ ആരെങ്കിലും സംസാരിക്കുകയാ




ണെങ്കിൽ, അയാളെ തെറ്റിദ്ധരിക്കേണ്ടതില്ല, എന്തുകൊണ്ടെന്നാൽ വാസ്തവത്തിൽ ഭൂതമില്ല, ഭാവിയില്ല, വർത്തമാനം മാത്രം. വർത്തമാനത്തിൽ ജീവിക്കാൻ നാം ശ്രമിക്കുക. ഭാവിയിൽ സംഭവിച്ചേക്കാവുന്ന മൂന്നാം ലോകയുദ്ധത്തെക്കുറിച്ച് നാം ചിന്തിക്കാതിരിക്കുക. വാസ്തവത്തിൽ മന:ശാസ്ത്രത്തിൽ, നമ്മുടെ മനോനില( mindset)യിൽ, അത് നേരത്തേ നടന്നുകഴിഞ്ഞു. അതുകൊണ്ട് നാം ഈ നിമിഷത്തിൽ വളരെ ജാഗ്രതയുള്ളവരാവണം, വർത്തമാനത്തിൽ ശ്രദ്ധിച്ചുകൊണ്ട്. ഉണർവ്വുള്ളവരായി, ജാഗ്രതയുള്ളവരായി, അവബോധമുള്ളവരായി.

നിങ്ങൾക്ക് വളരെ നന്ദി.

ബാബ ഇതെക്കുറിച്ച് പറഞ്ഞിട്ടുള്ളതുകൂടി ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കാനാഗ്രഹിക്കുകയാണ്. വർത്തമാനമെന്നത് കേവല വർത്തമാനമല്ല, അത് സർവവ്യാപിയാണ്(The present is not a simple present but it is omnipresent). ഭൂതമായിരുന്നു വർത്തമാനത്തിന്റെ അടിസ്ഥാനം, ഭാവിയുടെ അടിസ്ഥാനമാവാൻ പോവുന്നതും ഈ വർത്തമാനമാണ്. അതുകൊണ്ട്, ഈ വർത്തമാനത്തിലാണ് മൂന്ന് കാലങ്ങളും-ഭൂതം, ഭാവി, വർത്തമാനം-സ്ഥിതി ചെയ്യുന്നത്. അതിനാൽ വർത്തമാനത്തെ ശ്രദ്ധിച്ചോളുക. ഭാവി സ്വയം അതിന്റെ കാര്യം നോക്കിക്കോളും.

ഒരവസരത്തിൽ അവിടുന്നരുളി, "ഭൂതം വീണ്ടെടുക്കാനാവുന്നതിനുമപ്പുറത്താണ്, ഭാവിയോ അനിശ്ചിതവും. അതുകൊണ്ട്, വർത്തമാനത്തെ കരുതുക."(The past is beyond recovery, and the future is uncertain. So take care of the present)

ഈ ചെറിയ കുറിപ്പ് ഈ പ്രഭാഷണത്തിനൊപ്പം ചേർക്കണമെന്നാണ് ഞാനാഗ്രഹിച്ചത്, അതാണ് വീണ്ടും വന്നത്.

നിങ്ങളുടെ സമയത്തിന് വളരെ നന്ദി.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)